പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4476 04/02/2014 ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

## ആറന്മുള വിമാനത്താവള ഭൂമി പോക്കുവരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട ആറന്മുള വിമാനത്താവളഭൂമിയുടെ പോക്കുവരവ് നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ | (എ) ആറന്മുള വിമാന കമ്പനിയുടെ പേരിൽ നടത്തിയ പോക്കുവരവുകളുടെ തീയതികൾ ചുവടെ ചേർക്കുന്നു.<br>a. മല്ലപ്പുഴശ്ശേരി വില്ലേജ്: 29/05/12, 30/05/12, 31/05/12, 01/06/12<br>b. കിടങ്ങന്നൂർ വില്ലേജ്: 01/08/12, 19/09/12<br>c. ആറന്മുള വില്ലേജ്: 15/03/12, 23/03/12, 13/04/12, 30/04/12, 08/05/12 |
| (ബി) പോക്കുവരവ് നടത്തിയതിന്റെ നടപടിക്രമം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) പോക്കുവരവ് നടപടിക്രമം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചു വരുന്നു. |
| (സി) വിമാനത്താവളത്തിന് കണ്ടെത്തിയ ഭൂമി പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോഴഞ്ചേരി വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) കോഴഞ്ചേരി വില്ലേജാഫീസർ വിമാനത്താവളവുമായി ബന്ധപ്പെട്ട് റിപ്പോർട്ടൊന്നും സമർപ്പിച്ചിട്ടില്ല എന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത റിപ്പോർട്ടിൽ ഭൂമി പോക്കുവരവ് ചെയ്യുന്നതിനെതിരെ പരാമർശമുണ്ടോ; എങ്കിൽ അക്കാര്യം പോക്കുവരവ് ചെയ്യുന്ന സമയത്ത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ